## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1946

22-03-2012 ൽ മറുപടിക്ക്

### വെള്ളറടയിൽ എക്സൈസ് ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി.ജോർജ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, എക്സൈസും, തുറമുഖവും വകുപ്പ് മന്ത്രി) |
| എ) പാറശ്ശാല മണ്ഡലത്തിലെ അതിർത്തി പ്രദേശങ്ങളിൽ തമിഴ്നാട്ടിൽ നിന്നും വ്യാജച്ചാരായം അനധികൃതമായി എത്തിച്ചേരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| ബി) പാറശ്ശാല മണ്ഡലത്തിന്റെ വടക്കുഭാഗത്തെ അതിർത്തിയിലാണ് ചെക്ക് പോസ്റ്റുകൾ സ്ഥിതിചെയ്യുന്നത് എന്നുള്ളതിനാൽ യാതൊരുവിധ പരിശോധനകളും തമിഴ്നാട് അതിർത്തിയിൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് ചെയ്യുവാൻ കഴിയുന്നില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തമിഴ്നാട് അതിർത്തിപ്രദേശങ്ങളിൽ ശക്തമായ വാഹന പരിശോധനയും റെയിഡുകളും നടത്തി വരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു അതിർത്തി പട്രോളിംഗ് യൂണിറ്റ് നെയ്യാറ്റിൻകര താലൂക്കിൽ പ്രവർത്തിച്ചു വരുന്നു. നെയ്യാറ്റിൻകര എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ രൂപീകരിച്ചിട്ടുള്ള കൺട്രോൾ റൂം പാർട്ടിയും അതിർത്തിപ്രദേശങ്ങളിൽ ശക്തമായ പട്രോളിംഗ് നടത്തി വരുന്നുണ്ട്. |
| സി) ഈ സാഹചര്യത്തിൽ വ്യാജചാരായ വ്യാപനം തടയുന്നതിന് വെള്ളറട കേന്ദ്രമാക്കി ഒരു എക്സൈസ് റെയ്ഞ്ച് ആരംഭിക്കുന്നതിന് സന്നദ്ധമാകുമോ ; വ്യക്തമാക്കുമോ ? | (സി) ഈ കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ